രണ്ട് നെരിയാണികൾക്ക് താഴെയുള്ള വസ്ത്രം നരകത്തിലാകുന്നു

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -□- പറഞ്ഞു: "രണ്ട് നെരിയാണികൾക്ക് താഴെയുള്ള വസ്ത്രം നരകത്തിലാകുന്നു."
[صحيح] [رواه البخاري]

പുരുഷന്മാരുടെ ശരീരത്തിന്റെ താഴ്ഭാഗം മറക്കുന്ന വസ്ത്രങ്ങളൊന്നും നെരിയാണിക്ക് താഴെ പോകരുതെന്ന് നബി (□) കൽപ്പിക്കുന്നു . നീളക്കുപ്പായമോ പാന്റുകളോ മറ്റോ പോലുള്ളവ കാൽപ്പാദത്തിലെ രണ്ട് നെരിയാണികൾക്കും താഴെ പോകുന്നതിൽ നിന്നാണ് അവിടുന്ന് താക്കീത് നൽകുന്നത്. ഇങ്ങനെ താഴ്ത്തിയുടുത്താൽ അവന്റെ ആ പ്രവർത്തിക്കുള്ള ശിക്ഷയായി അത് നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്നതാണെന്നും നബി (□) അറിയിക്കുന്നു.

http://www.sunnah.global/hadeeth/ml/show/66386